

# ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്
# ബഡ്ജറ്റ് 2024-25

*വികസനവും ക്ഷേമവും കരുതലും*

## ആമുഖം

പ്രിയമുള്ളവരെ,

ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ കരട് ബഡ്ജറ്റ് ആണ് ഇവിടെ നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നത് . ഈ ഭരണസമിതിയുടെ നാലാമത്തെ ബഡ്ജറ്റ് ജനങ്ങളുടെ , പ്രത്യേകിച്ച് പാവപ്പെട്ടവരുടെ ഒട്ടേറെ ജീവൽ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം എന്ന് സ്വപ്നങ്ങളുമായാണ് നാം ചുമതല ഏറ്റെടുത്തത് . തുടങ്ങിവച്ച പല വികസന പ്രവർത്തനങ്ങൾക്കും പരിഹാരം ഉണ്ടാക്കാനും പുതിയവ ഏറ്റെടുത്തു നടപ്പാക്കാനും സാമ്പത്തിക പ്രതിസന്ധി ഒരു കാരണമായിട്ടുണ്ട് . "വികസനവും ക്ഷേമവും കരുതലും" എന്ന ലക്ഷ്യം മുൻനിർത്തി ഒട്ടേറെ മാതൃക പദ്ധതികൾ വിജയകരമായി നടപ്പാക്കാൻ ഈ കാലയളവിൽ സാധിച്ചിട്ടുണ്ട് . നൂതന പ്രൊജക്റ്റായി ഏറ്റെടുത്ത സംസ്ഥാനത്ത് തന്നെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം നടപ്പാക്കിയ കായിക സാക്ഷരത തുടർ പദ്ധതിയായി ഈ വർഷവും തുടരുന്നുണ്ട് . കാലിക്കറ്റ് യൂണിവേഴ്സിറ്റി യുമായി സഹകരിച്ചു കൊണ്ട് നടപ്പാക്കുന്ന വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം , ക്ലീൻ ചേലേമ്പ്ര പദ്ധതിയിൽ പാവ നാടക ഗ്രൂപ്പ് രൂപീകരണം, കാർഷിക മേഖലയിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ , അഗ്രോ ഫാർമസി എന്നീ പ്രോജക്ടുകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. പഞ്ചായത്ത് ഓഫീസ് കെട്ടിടം പുതുക്കി പണിയുക എന്നതും ലക്ഷ്യം വെക്കുന്നു.

ബഡ്സ് സ്കൂൾ കം തെറാപ്പി സെന്റർ പൂർത്തീകരണം , ക്രാഡിൽ അങ്കണവാടി തുടങ്ങിയ പദ്ധതികളും ലക്ഷ്യത്തിലെത്തിക്കാൻ ബഡ്ജറ്റ് വിഭാവനം ചെയ്തിട്ടുണ്ട് . സാമൂഹ്യക്ഷേമം, വനിത ശിശുക്ഷേമം ആരോഗ്യം, വിദ്യാഭ്യാസം ,പട്ടികജാതി വികസനം, പശ്ചാത്തല വികസനം , ഉൾപ്പെടെ സർവതല സ്പർശിയായ ഒരു വികസന കാഴ്ചപ്പാടാണ് ഈ വർഷം പ്രാവർത്തികമാക്കാൻ ഉള്ളത് . 34.79 കോടി വരവും 33.98 കോടി ചെലവും 81.07 ലക്ഷം മിച്ചവും പ്രതീക്ഷിക്കുന്ന കരട് ബഡ്ജറ്റ് നിർദ്ദേശങ്ങൾ നിങ്ങളുടെ ചർച്ചകൾക്കും അംഗീകാരത്തിനുവേണ്ടി ഇവിടെ സമർപ്പിക്കുന്നു.

ചേലേമ്പ്ര — എന്ന് സ്നേഹപൂർവ്വം

05/02/2024 — കെ പി ദേവദാസ്( ആക്ടിംഗ് പ്രസിഡന്റ്)

# ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ



**കെ. പി. ദേവദാസ്**
വൈസ് പ്രസിഡണ്ട്/ചെയർമാൻ



**ഉദയകുമാരി. കെ. എൻ.**
മെമ്പർ



**മുരളീധരൻ. എൻ. എം.**
മെമ്പർ



**അസീറ മുംതാസ്**
മെമ്പർ



**സുനിൽകുമാർ. കെ.**
മെമ്പർ

# ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



**സമീറ ടീച്ചർ ടി. പി.**
പ്രസിഡണ്ട് (വാർഡ് 3)



**കെ. പി. ദേവദാസ്**
വൈസ് പ്രസിഡണ്ട് (വാർഡ് 13)



**ഹഫ്സത്ത് ബീവി. കെ. പി.**
വികസനകാര്യ സ്റ്റാന്റിംഗ്
കമ്മിറ്റി ചെയർപേഴ്സൺ (വാർഡ് 10)



**മുഹമ്മദ് ഇക്ബാൽ**
ക്ഷേമകാര്യ സ്റ്റാന്റിംഗ്
കമ്മിറ്റി ചെയർമാൻ (വാർഡ് 17)



**ആയിഷ റഹ്ഫത്ത് കോയ സി. ടി**
സെക്രട്ടറി



**എ. പി. ജമീല ടീച്ചർ**
**മെമ്പർ** (വാർഡ് 1)



**പ്രജിത. വി.**
**മെമ്പർ** (വാർഡ് 2)



**പ്രതീഷ്. എം.**
**മെമ്പർ** (വാർഡ് 4)



**ഉദയകുമാരി. കെ. എൻ.**
**മെമ്പർ** (വാർഡ് 5)



**സുനിൽകുമാർ. കെ.**
**മെമ്പർ** (വാർഡ് 6)



**മുരളീധരൻ. എൻ. എം.**
**മെമ്പർ** (വാർഡ് 7)



**ഉഷ തോമസ്**
**മെമ്പർ** (വാർഡ് 8)



**ജംഷീദ നൂറുദ്ധീൻ**
**മെമ്പർ** (വാർഡ് 9)



**മുഹമ്മദ് അസ്‌ലം. എം. കെ.**
**മെമ്പർ** (വാർഡ് 11)



**അബ്ദുൾ ബഷീർ**
**മെമ്പർ** (വാർഡ് 12)



**സുജിത സി. കെ.**
**മെമ്പർ** (വാർഡ് 14)



**അബ്ദുൾ അസീസ്. സി.**
**മെമ്പർ** (വാർഡ് 15)



**അനിത സുനി**
**മെമ്പർ** (വാർഡ് 16)



**അസീറ മുംതാസ്**
**മെമ്പർ** (വാർഡ് 18)

# ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്
# ബഡ്ജറ്റ് 2024-25

*വികസനവും ക്ഷേമവും കരുതലും*

ഇന്ത്യയിലെ ഗ്രാമീണ അധികാര വികേന്ദ്രീകരണ സംവിധാനമാണ് പഞ്ചായത്തി രാജ്. "ഗ്രാമസ്വരാജ്" എന്ന ഗാന്ധിജിയുടെ സങ്കല്പത്തിന്റെയും "പൂർണ്ണ സ്വരാജ്" എന്ന ദർശനത്തിന്റെയും അന്തസത്ത ഉൾക്കൊണ്ടാണ് നാം വികേന്ദ്രീകൃത ആസൂത്രണവും വികസനവും നടപ്പാക്കി തുടങ്ങിയത്. ഇന്ത്യ ജീവിക്കുന്നത് ഗ്രാമങ്ങളിലാണ് എന്നാണ് ഗാന്ധിജി പറഞ്ഞത്. അധികാരം ജനങ്ങളിലേക്ക് എന്ന തത്വത്തിൽ ഊന്നി നിന്നുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ സാധിച്ചിട്ടുണ്ട്. 1993-ൽ ഇന്ത്യയിൽ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നു. 1994-ൽ കേരള പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വന്നു.

വികേന്ദ്രീകൃത ആസൂത്രണം നടപ്പാക്കി 30 വർഷം പിന്നിടുമ്പോൾ ചേലേമ്പ്ര പഞ്ചായത്തിന്റെ മുഖച്ഛായ മാറ്റിയെടുക്കാൻ പല കാലഘട്ടങ്ങളിൽ അധികാരത്തിലിരുന്ന ഭരണസമിതികൾ ശ്രമിച്ചിട്ടുണ്ട്. അടിസ്ഥാനസൗകര്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, പട്ടികജാതി വികസനം, ആരോഗ്യം, കുടിവെള്ളം തുടങ്ങിയ എല്ലാ മേഖലകളിലും ഇതിന്റെ ഫലങ്ങൾ ദൃശ്യമായി. പാർപ്പിടം, ഘടക സ്ഥാപനങ്ങൾക്ക് കെട്ടിടം, കൃഷി, മൃഗപരിപാലനം തുടങ്ങി എല്ലാ രംഗത്തും നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സാധിച്ചു. കഴിഞ്ഞ വാർഷിക പദ്ധതിയിൽ ജനക്ഷേമകരമായ നിരവധി പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കാൻ കഴിഞ്ഞു. കായിക സാക്ഷരത, പച്ചക്കറികൃഷിക്ക് മൺചട്ടി വിതരണം, വനിതകൾക്ക് യോഗ പരിശീലനം, ഭിന്നശേഷി സംഗമം, സ്നേഹിതാ കോളിംഗ് ബെൽ എന്നിവയ്ക്ക് തുടക്കം കുറിച്ചും ബഡ്സ് സ്കൂൾ കം തെറാപ്പി സെന്റർ, വയോജനങ്ങളുടെ ഉല്ലാസയാത്ര എന്നീ പദ്ധതികളും ഏറ്റെടുത്തു പറയേണ്ടതാണ്.

ഈ വാർഷിക പദ്ധതിയിൽ കൂടുതൽ മാതൃക പദ്ധതികളും, നേരത്തെ നടപ്പാക്കി വരുന്ന നൂതന പ്രൊജക്ടുകളും നടപ്പാക്കാൻ ബഡ്ജറ്റിൽ ഇടം നൽകിയിട്ടുണ്ട്. യുവജനങ്ങളുടെ വളരെ കാലത്തെ ആവശ്യമായ സ്പോർട്സ് ഹബ്ബിന് കഴിഞ്ഞവർഷം 1 കോടി ഫണ്ട് വകയിരുത്തിയെങ്കിലും ഉദ്ദേശിച്ച സ്ഥലം ലഭിക്കാതെ വന്നതിനാൽ വീണ്ടും ഈ വർഷം പ്രസ്തുത പദ്ധതി നിലനിർത്താൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ ഇപ്പോഴത്തെ സൗകര്യം വളരെ പരിമിതമാണ്. മെമ്പർമ്മാർക്ക് പോലും ഇരിക്കാൻ സൗകര്യമില്ല. MGNREGS, കുടുംബശ്രീ ഓഫീസുകൾ ഒരേ റൂമിലാണ് സ്ഥിതി ചെയ്യുന്നത്. മാത്രമല്ല ഇപ്പോഴത്തെ കെട്ടിടം 25 വർഷം

കഴിഞ്ഞതും സുരക്ഷിത സ്ഥിതിയിലുമല്ല. ആയതിനാൽ പഞ്ചായത്ത് ഓഫീസ് കെട്ടിടം പുതുക്കി പണിയുന്നതിനായി വായ്പ്പകൾ ഉൾപ്പെടെ 2 കോടി രൂപ നീക്കി വെച്ചിട്ടുണ്ട്.

ഈ വർഷം ലൈഫ് ഭവന പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ധനസഹായം ലഭ്യമാക്കുന്നതിനായി 2 കോടി രൂപ വായ്പ ലഭ്യമാക്കാനും ജില്ലാ ബ്ലോക്ക് വിഹിതം കൃത്യമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഘടക സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്ക് 8 ലക്ഷം രൂപ നീക്കിവെച്ചു. വനിതകളുടെ ഉന്നമനം ലക്ഷ്യം വച്ച് അവരുടെ തൊഴിലും വരുമാനവും ഉയർത്തുന്നതിന് വേണ്ടി 30 ലക്ഷം രൂപ മാറ്റിവെച്ചു. വയോജനങ്ങൾക്ക് വേണ്ടി മുൻവർഷങ്ങളിലും കട്ടിൽ, വയോജനസംഗമം, സഹായ ഉപകരണങ്ങൾ തുടങ്ങിയ പദ്ധതികൾ ഏറ്റെടുക്കുകയുണ്ടായി. ഈ വർഷം വേറിട്ട പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്. 30 ലക്ഷം നീക്കിവെച്ചു. ഒരു ശിശു സൗഹൃദ പഞ്ചായത്താക്കുക എന്ന ലക്ഷ്യത്തോടെ അങ്കണവാടികളുടെ പ്രവർത്തനങ്ങൾക്കും കുട്ടികളുടെ ശാരീരികവും മാനസികവുമായ ഉയർച്ച പ്രാവർത്തികമാക്കാൻ ഈ ഭരണസമിതി പ്രതിജ്ഞാ ബദ്ധമാണ്. ശിശുക്ഷേമത്തിന് 95 ലക്ഷം രൂപ നീക്കിവെച്ചു.

ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന നൽകികൊണ്ടുള്ള പ്രൊജക്ടുകളാണ് മുൻ വർഷങ്ങളിലൊക്കെ നടപ്പാക്കിയത്. ഭിന്നഷേഷി സംഗമം, ഇലക്ട്രിക്ക് വീൽചെയർ തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഈ മേഖലയ്ക്ക് 40 ലക്ഷം രൂപ വകയിരുത്തി. ആരോഗ്യ രംഗത്തും കാര്യമായ ഇടപെടലുകൾ സാധ്യമാക്കുക എന്നത് പ്രധാനമാണ്. ഹെൽത്ത് സബ് സെന്ററുകളുടെ നിർമ്മാണത്തിന് വേണ്ടി 25 ലക്ഷം രൂപ നീക്കിവെച്ചു.

ക്ലീൻ ചേലേമ്പ്ര മാലിന്യമുക്ത നവകേരളം പദ്ധതി എല്ലാ അർത്ഥത്തിലും കാര്യക്ഷമതയോടെ നടപ്പാക്കി വരുന്നതിൽ ഒരു വിട്ടുവീഴ്ചയും നടത്താൻ ഭരണസമിതി തയ്യാറായിട്ടില്ല. താൽക്കാലികമായി MCF ഉം, വാർഡുകളിൽ മിനി MCF , സ്വന്തമായി ഒരു വാഹനം എന്നിവ മുൻ വർഷങ്ങളിൽ ലഭ്യമാക്കി. നടപ്പുവർഷം ഒരു വാഹനം കൂടി വാങ്ങിക്കാൻ കഴിഞ്ഞു. സ്വന്തമായി MCF ഒരുക്കുന്നതിനായി 1 കോടി രൂപ മാറ്റിവെച്ചു.

ലൈഫ് ഭവന പദ്ധതിയിൽ ലിസ്റ്റിൽ ഉൾപ്പെട്ടവർ വീട് എന്ന സ്വപ്നവുമായി കഴിയാൻ തുടങ്ങിയിട്ട് നിരവധി വർഷമായി. അടുത്ത വർഷം ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്ക് വീട് നിർമിക്കാൻ 6 കോടി രൂപ വിവിധ സ്രോതസ്സുകളിൽ നിന്നും കണ്ടെത്തും. പട്ടികജാതി വികസന മേഖലയിലെ മൊത്തം പദ്ധതികൾക്കായി 70 ലക്ഷം രൂപ നീക്കിവെച്ചു. ദുരന്തനിവാരണ പദ്ധതികൾ നടപ്പാക്കാൻ 10 ലക്ഷം രൂപ മാറ്റിവെച്ചു. ആസ്തികളും പ്രകൃതിഭവങ്ങളുടെ സംരക്ഷണവും ഉറപ്പുവരുത്തുവാൻ 9 ലക്ഷം രൂപ നീക്കിവെച്ചു. മുൻവർഷങ്ങളിൽ നടപ്പാക്കിയ കായിക സാക്ഷരതയും പുതിയ വർഷത്തിൽ നടപ്പാക്കുന്ന നൂതന പദ്ധതിക്കുമായി 12 ലക്ഷം മാറ്റിവെച്ചു. കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി 6 ലക്ഷവും ഘടകസ്ഥാപനങ്ങളുടെ സേവന മെച്ചപ്പെടുത്തുന്നതിന് വേണ്ടി 18 ലക്ഷം രൂപയും വകയിരുത്തി.

| | |
|---|---|
| ഈ വിധത്തിൽ ഉൽപാദന മേഖലയിൽ | – 52 ലക്ഷം |
| സേവന മേഖല | – 8.5 കോടി |
| പശ്ചാത്തലം | – 20 കോടി |

ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം, തെരുവു വിളക്ക്, പശ്ചാത്തല വികസനം തുടങ്ങി എല്ലാ മേഖലകളിലും ശക്തമായ മാറ്റങ്ങൾ ഉദ്ദേശിച്ചു കൊണ്ടുള്ള പദ്ധതികളാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.

## ബഡ്ജറ്റ് വിശദാംശങ്ങൾ

### ഉൽപാദനമേഖല

**കൃഷി, മൃഗസംരക്ഷണം**

കാർഷിക മേഖലഇത് വളരെ പ്രതിസന്ധി നേരിടുന്ന സാഹചര്യം വിലയിരുത്തി വേണം പദ്ധതി തയ്യാറാക്കാൻ. കഴിഞ്ഞ 3 വർഷങ്ങളായി നടപ്പാക്കി വരുന്ന കേരഗ്രാമം പദ്ധതിയിൽ കർഷകർക്ക് വലിയ തോതിലുള്ള സഹായങ്ങൾ നൽകാൻ സാധിച്ചിട്ടുണ്ട്. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയിൽ ധാരാളം പേരെ പച്ചക്കറി കൃഷിയിലേക്ക് എത്തിക്കാൻ കഴിഞ്ഞു. ഈ വർഷം കാർഷിക മേഖല ഒരു നൂതന പ്രൊജക്ടായ തെങ്ങിന്റെ മണ്ടവൃത്തിയാക്കൽ, അഗ്രോ ഫാർമസി എന്നിവയും വാഴകൃഷി, കവുങ്ങ് കൃഷി, തെങ്ങ് കർഷക പാക്കേജ്, യൂത്ത് ക്ലബ്ബുകൾക്ക് പച്ചക്കറി കൃഷി, ഇടവിള കൃഷി, വിതപ്പയർ, പച്ചക്കറി കൃഷിക്ക് മൺചട്ടി, നെൽകൃഷി പ്രോത്സാഹനം, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, പോത്തുകുട്ടി വിതരണം, മുട്ടക്കോഴി, കറവപ്പശു കാലിത്തീറ്റ എന്നിങ്ങനെ ഉത്പാദന മേഖലയിൽ 52.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നെൽകൃഷി ചെയ്യുന്ന കുറഞ്ഞ കർഷകരെ നമ്മുടെ പഞ്ചായത്തിൽ ഉള്ളൂ അതിൽ തന്നെ കഴിഞ്ഞമാസം ഉണ്ടായ കാലം തെറ്റി വന്ന മഴയിൽ പെരുണ്ണീരി, പടിഞ്ഞാറ്റിൻപൈ ഭാഗത്ത് 15 ഹെക്ടറോളം നെൽകൃഷി നശിച്ചുപോയ സാഹചര്യം വളരെ വേദന ഉണ്ടാക്കുന്നതാണ്. അവർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കാൻ നമ്മൾ ഭരണസമിതി യോഗത്തിൽ സർക്കാരിലേക്ക് ആവശ്യപ്പെടുകയുണ്ടായി.

# സേവനമേഖല

**ലൈഫ് ഭവന പദ്ധതി**

അന്തിയുറങ്ങാൻ ഒരു വീട് വയ്ക്കുക എന്ന സ്വപ്നവുമായി കഴിഞ്ഞ മൂന്ന് വർഷമായി 300 ഓളം പേർ ധനസഹായത്തിനുള്ള പ്രതീക്ഷയുമായി കഴിയുകയായിരുന്നു. അതിൽ പകുതിയിലേറെ പേർക്ക് ധനസഹായം നൽകാൻ നമുക്ക് സാധിച്ചു. ഈ വർഷം ലിസ്റ്റിലുള്ള മുഴുവൻ പേർക്കും സഹായം നൽകാൻ നാം ലക്ഷ്യമിടുകയാണ്. 2 കോടി ലോൺ പദ്ധതി വിഹിതം, ബ്ലോക്ക്-ജില്ലാ വിഹിതം 4 കോടിയും ചേർത്ത് 6 കോടി രൂപ ലഭ്യമാക്കാൻ ലക്ഷ്യമിടുന്നു. ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങിക്കാൻ 20 ലക്ഷം നീക്കിവെച്ചു. എസ്.സി വിഭാഗത്തിന് മൊത്തം 44 ലക്ഷവും വകയിരുത്തി.

**വീട് വാസയോഗ്യമാക്കൽ**

കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലായ നിരവധി കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ജനറൽ വിഭാഗത്തിൽ 27 ലക്ഷവും പട്ടികജാതി വിഭാഗത്തിൽ 30 ലക്ഷവും മാറ്റിവെച്ചു.

**പഞ്ചായത്ത് ഓഫീസ് കെട്ടിടം പുതുക്കിപ്പണിയിൽ**

കാലപ്പഴക്കം വന്നതും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതുമായ പഞ്ചായത്ത് ഓഫീസ് കെട്ടിടം പുതുക്കിപ്പണിയേണ്ടത് അത്യാവശ്യമാണ്. അതിനുവേണ്ട ആദ്യഘട്ട പ്രവർത്തനങ്ങൾ 2024 -25 വർഷത്തിൽ തന്നെ ആരംഭിക്കാൻ നാം ഉദ്ദേശിക്കുകയാണ്. DPR തയ്യാറാക്കൽ 5 ലക്ഷം മാറ്റിവെച്ചു. ഇക്കാര്യത്തിനായി വായ്പ ഉൾപ്പെടെ 2 കോടി രൂപ നാം പ്രതീഷിക്കുകയാണ്.

**ആരോഗ്യം**

ആരോഗ്യ മേഖലയിൽ FHC ക്ക് ഈ വർഷം ഒരു പുതിയ കെട്ടിടം കൂടി സർക്കാർ പദ്ധതിയിൽ ഉണ്ടാകും എന്ന് നാം പ്രതീക്ഷിക്കുകയാണ്. മരുന്ന് വാങ്ങിക്കൽ. ഈവനിംഗ് ഒ.പി 15 ലക്ഷം , പരിരക്ഷ 10 ലക്ഷം, ഓഫീസ് ചെലവുകൾ 2 ലക്ഷം, അതിദരിദ്രർക്ക് മരുന്ന് 1 ലക്ഷം, ആയുർവേദ ആശുപത്രിക്ക് മരുന്ന് 18 ലക്ഷം, ഓഫീസ് ആവർത്തന ചെലവുകൾ 1.5 ലക്ഷം, വയോജനങ്ങൾക്ക് ആയുർവേദ ചികിത്സ 3 ലക്ഷം, ഹോമിയോ ആശുപത്രിക്ക് മരുന്ന് 3 ലക്ഷം, യൂനാനിക്ക് മരുന്ന് 10 ലക്ഷം, പരിരക്ഷയ്ക്ക് തനത് വർഷം ഹോം കെയറിന് 2 സെക്കന്റ് യൂണിറ്റ് ആരംഭിക്കാൻ കഴിഞ്ഞത് വലിയ നേട്ടമായി. ഹെൽത്ത് ഇൻസ്പെക്ടർ വേതനം 3 ലക്ഷം, ഹോമിയോ മരുന്ന് 2 ലക്ഷം , ഇമ്മ്യൂണൈസേഷൻ 2 ലക്ഷം

**<u>കുളങ്ങൾ നവീകരിക്കൽ</u>**

മുൻ വർഷങ്ങളിൽ തുറക്കൽ കുളം, ഒതുക്കം പുറം കുളം, പള്ളികുളം, പുളിയാളിൽ താഴംകുളം, പുളിശ്ശേരി കുളം എന്നിവ പുനരുദ്ധാരണം നടത്തി. ഈ വർഷം കണ്ണംകുളം 7.96 ലക്ഷം, മലയിൽ കുളം നവീകരണം 5 ലക്ഷം എന്നിങ്ങനെ വകയിരുത്തി.

കുടിവെള്ളം

ചേലേമ്പ്രയിലെ ജനങ്ങളുടെ മുഖ്യസ്രോതസ്സായിരുന്നു ജലനിധി പദ്ധതി. ദേശീയപാത വികസനത്തിന്റെ ഭാഗമായി അവതാളത്തിലായിട്ട് ഏറെ മാസങ്ങളായി. ജലജീവൻ മിഷൻ പണി ത്വരിത ഗതിയിൽ നടക്കുന്നുണ്ട്. കുടിവെള്ളം എന്ന് ലഭ്യമാക്കും എന്ന് പറയാൻ പറ്റാത്ത അവസ്ഥയിലാണ്. വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളം അടിച്ചു കൊടുക്കാൻ 10 ലക്ഷം നീക്കിവെച്ചു. പൊതു കിണർ റിപ്പയർ 3 ലക്ഷം വകയിരുത്തി. ശുചിത്വ കിണറാക്കി മാറ്റൽ 4 ലക്ഷം.

**<u>മാലിന്യ മുക്ത നവകേരളം</u>**

മാലിന്യശേഖരണത്തിൽ 36 ഹരിത കർമസേനയെ നമുക്ക് സജ്ജമാക്കാൻ കഴിഞ്ഞു. MCF താൽക്കാലികമാണെങ്കിലും പുതിയ കെട്ടിടത്തിലേക്ക് മാറ്റി. എന്നാൽ സൗകര്യ കുറവുകൊണ്ട് ഏറെ പ്രയാസം അനുഭവിക്കുകയാണ്. സ്വന്തമായി MCF ഉണ്ടാക്കാനും അധിക സൗകര്യങ്ങൾ ഒരുക്കാനും ഈ വർഷം പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. ശുചിത്വ ഗ്രാമം പ്ലാസ്റ്റിക് മുക്ത ഗ്രാമം എന്ന ക്യാമ്പയിൻ പ്രവർത്തനത്തിന്റെ ഭാഗമായി NNM ഹയർ സെക്കൻഡറി സ്കൂളുമായി സഹകരിച്ച് ജീവാംശം എന്ന് പ്രോജക്ട് നാം നടപ്പാക്കി വരികയാണ്. അതുപോലെ ക്ലീൻ ചേലേമ്പ്ര പദ്ധതിയുടെ ഭാഗമായി "ശുചിത്വ ഗ്രാമം സുന്ദര ഗ്രാമം" എന്ന ക്യാമ്പയിൻ പ്രവർത്തനത്തിനായി NNM ഹയർ സെക്കൻഡറി സ്കൂൾ NSS യൂണിറ്റുമായി സഹകരിച്ച് ഒരു പാവനാടക സംഘത്തെ വാർത്തെടുക്കാൻ ഒരുങ്ങുകയാണ്. അതിനു വേണ്ടി 1 ലക്ഷം മാറ്റിവെച്ചു. MCF ലേക്ക് ലിഫ്റ്റ് 1 ലക്ഷം, വെയിംഗ് മെഷീൻ 5 ലക്ഷം, വാടക ഇനം 6 ലക്ഷം, ഹരിത കർമ്മസേന വാഹന ഡ്രൈവർ വേതനം – 3ലക്ഷം, ക്ലീൻ ചേലേമ്പ്ര – 16.45 ലക്ഷം.

## വനിതാ ക്ഷേമം – കുടുംബശ്രീ

വനിതകൾക്ക് മെച്ചപ്പെട്ട ജീവിത അന്തരീക്ഷവും സുരക്ഷിതത്വവും സാമൂഹ്യ മുന്നേറ്റവും ഉണ്ടാക്കേണ്ടത് ഏതൊരു പരിഷ്.കൃത സമൂഹത്തിന്റെയും ബാധ്യതയാണ് . വനിതകൾക്ക് യോഗ പരിശീലനം കഴിഞ്ഞവർഷം ആരംഭിച്ചതാണ് . ഇതിനായി യോഗ ഇൻസ്ട്രക്ടറെ നിയമിച്ചു . ഈ വർഷം രണ്ട് ലക്ഷം നീക്കിവെച്ചിട്ടുണ്ട് . മുൻവർഷം നടത്തിയ ഡ്രൈവിങ്ങ് പരിശീലനം വളരെ വിജയകരമായിരുന്നു . കൂടുതൽ പേർ ഈ വർഷവും പദ്ധതി നടത്തണം എന്ന് ആവശ്യപ്പെട്ടതിനാൽ നാലു ലക്ഷം രൂപ വകയിരുത്തി. “സ്ത്രീ സൗഹൃദ ബസ് സർവീസ്” എന്ന പുതിയ ആശയം ഈ വർഷത്തെ പദ്ധതിയിൽ ലക്ഷ്യം വെക്കുകയാണ്. സർക്കാർ സഹായത്തോടെ “ ഷീ ബസ് സർവീസ് “ ആരംഭിക്കാൻ 1.5 ലക്ഷം മാറ്റിവെച്ചു . ജൻഡർ റിസോഴ്സ് സെൻറർ ഒരു ലക്ഷം , ജാഗ്രത സമിതി 50,000 , ബാലസഭ 1 ലക്ഷം , ക്ലിക്ക് കമ്മ്യൂണിറ്റി ലൈഫ് ഇംപ്രൂവ്മെന്റ് 2 ലക്ഷം, ബ്ലഡ് ഡോണേഴ്സ് ഫോറം 15000 , ഹൃദ്യ പാലിയേറ്റീവ് കെയർ 26000 , മെൻസ്ട്രുവൽ കപ്പ് 1 ലക്ഷം എന്നിങ്ങനെ നീക്കിവെച്ചു.

## വിദ്യാഭ്യാസം കലാകായികം സാംസ്കാരിക യുവജനക്ഷേമം

മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്ന ധാരാളം യുവജന ക്ലബ്ബുകളും സന്നദ്ധസംഘടനകളും നമുക്കുണ്ട് . അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പഞ്ചായത്തിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് പങ്കാളിത്തം നൽകാൻ പ്രത്യേക സംവിധാനം ഒരുക്കാൻ ഉദ്ദേശിക്കുന്നു . കോഡിനേഷൻ കമ്മറ്റി സജീവമാക്കേണ്ടതുണ്ട് . ഒരു സ്പോർട്സ് ഹബ്ബ് സ്ഥാപിക്കുക എന്ന ക്ലബ്ബുകളുടെ ആവശ്യം കണക്കിലെടുത്ത് കഴിഞ്ഞ പദ്ധതിയിൽ ഒരു കോടി രൂപ നീക്കിവെച്ചിരുന്നു . പര്യാപ്തമായ സ്ഥലം കണ്ടെത്താൻ സാധിക്കാത്തതുകൊണ്ട് പ്രസ്തുത പദ്ധതി ഈ വർഷവും നിലനിർത്താൻ ഭരണസമിതി ഉദ്ദേശിക്കുകയാണ് . വായനശാലകൾക്ക് പത്രം 1 ലക്ഷം രൂപയും തുല്യത പരീക്ഷ 1.5 ലക്ഷം , സമ്പൂർണ്ണ കായിക സാക്ഷരത വളരെ വിജയം കണ്ട മാതൃക പ്രോജക്ട് ആയിരുന്നു . അത് തുടർ പദ്ധതിയായി ഏറ്റെടുത്തിട്ടുണ്ട് . ഈ വർഷവും 5 ലക്ഷം രൂപ വകയിരുത്തി . കേരളോത്സവം 1.5 ലക്ഷം . അതുപോലെ വിദ്യാഭ്യാസ മേഖലയിൽ ഈ വർഷം ആരംഭിക്കുന്ന നൂതനപദ്ധതിയാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി കായിക വകുപ്പുമായി സഹകരിച്ച് നടത്തുന്ന വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം . അവരുടെ സ്വിമ്മിങ്ങ് പൂൾ ഉപയോഗപ്പെടുത്തിയാണ് പദ്ധതി . ഇതിനായി 4 ലക്ഷം വകയിരുത്തി.

## സാമൂഹ്യക്ഷേമം

മുതിർന്ന പൗരൻമാർക്കുള്ള മാതൃകാ ക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമായി വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന ധാരാളം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കട്ടിൽ വിതരണം , സഹായ ഉപകരണങ്ങൾ എന്നിവ കൊടുത്തു .എന്നാൽ തനത് വർഷം ആരംഭിച്ച ഉല്ലാസ യാത്ര പ്രൊജക്റ്റ് തുടരാൻ ഉദ്ദേശിക്കുന്നു. 5 ലക്ഷം വകയിരുത്തി . വയോജനസംഗമം 50000, ശ്രവണസഹായി 4 ലക്ഷം , ആയുർവേദ ചികിത്സ 3 ലക്ഷം , അതിദരിദ്രർക്ക് മരുന്ന് 1.5 ലക്ഷം, ഭക്ഷണം 2.5 ലക്ഷം എന്നിങ്ങനെ വകയിരുത്തി . ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് 14.93 ലക്ഷം , ഭിന്നശേഷി കലോത്സവം 75000, അതി ദരിദ്രർക്ക് വരുമാനദായിക പ്രവർത്തികൾ 1.5 ലക്ഷം .

## അങ്കണവാടികൾ – ശിശുക്ഷേമം

ശിശുക്ഷേമത്തിനു മൊത്തം 95 ലക്ഷം രൂപ വകയിരുത്തി കൊണ്ട് ബജറ്റിൽ ഏറ്റവും അധികം മുൻഗണന നൽകിയിട്ടുണ്ട്. കഴിഞ്ഞ വാർഷിക പദ്ധതിയിൽ നാല് അംഗണവാടികൾ ക്രാഡിൽ അങ്കണവാടികൾ ആയി ഉയർത്തി . സ്വന്തമായി കെട്ടിടമില്ലാത്ത ഇടിമുഴിക്കൽ അങ്കണവാടിയുടെ നിർമ്മാണം തനത് വർഷം തന്നെ ആരംഭിക്കും . തേനേരിപ്പാറ അങ്കണവാടിക്ക് കെട്ടിടം ഉണ്ടാക്കുക എന്നത് ഈ വർഷത്തെ മുൻഗണന നൽകുന്ന ഇനമാണ് . ജില്ലാ ബ്ലോക്ക് സഹായങ്ങൾ ലഭ്യമാക്കും . പ്രവർത്തി ആരംഭിച്ച തയ്യിലാപൊറ്റ അങ്കണവാടിയുടെ നിർമ്മാണം പൂർത്തീകരിക്കും . പുല്ലിപ്പറമ്പ് അങ്കണവാടി കെട്ടിടം പുതുക്കി പണിയാനുള്ള തുടക്കം കുറിക്കാൻ ലക്ഷ്യമിടുന്നു. ആയതിന് ജില്ലാ ബ്ലോക്ക് ഫണ്ട് ലഭ്യമാകുമെന്ന് പ്രതീക്ഷയുണ്ട്. അനുപൂരക പോക്ഷകാഹാരം 30 ലക്ഷം, ഉപകരണങ്ങൾ വാങ്ങൽ 4 ലക്ഷം, ക്രാഡിൽ അങ്കണവാടികളായി ഈ വർഷം 5 എണ്ണം കൂടി ഉൾപ്പെടുത്തും. ആയതിന് 5 ലക്ഷം വകയിരുത്തി. അങ്കണവാടി കലോത്സവം 15000 , കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾക്ക് കുഴൽ കിണർ നിർമ്മാണം 5 ലക്ഷം

## പശ്ചാത്തല വികസനം

ജലജീവൻ മിഷൻ പണി നടക്കുന്നതിനാൽ എല്ലാ റോഡുകളും റിപ്പയർ ചെയ്യേണ്ട അവസ്ഥയിലാണ്. 10 കോടി രൂപ ഈ വകയിൽ ജലജീവനിൽ നിന്നും ലഭിക്കുമെന്നാണ് പ്രതീക്ഷ. എം. എൽ.എ, എം.പി , ജില്ലാ- ബ്ലോക്ക് ഫണ്ടുകൾ ലഭിക്കുന്നത് കൊണ്ടാണ് പ്രധാന റോഡുകൾ പുനരുദ്ധാരണം നടത്താൻ സാധിക്കുന്നത്. മിക്ക വാർഡുകളുലെ റോഡുകളും പൈപ് ലൈൻ പ്രവർത്തി നടക്കുന്നതിനാൽ കേടുപാടുകൾ സംഭവിച്ച സ്ഥിതിയാണ്. ഈ ജോലികൾ പൂർത്തിയായതിന് ശേഷമേ പഞ്ചായത്ത് ഫണ്ടുകൾ ചെലവഴിക്കാൻ സാധിക്കു എന്ന സ്ഥിതിയിലാണ്. തനത് വർഷം എം.ജി ഉൾപ്പടെ മെമ്പർമ്ർ വച്ച മിക്ക പ്രവർത്തികളും നടപ്പാക്കാത്തതിനാൽ സ്പിൽ ഓവർ പ്രവർത്തികൾക്ക് പുതിയ വാർഷിക പദ്ധതിയിൽ നിന്നും വകയിരുത്തേണ്ടി വരം എന്നതിനാൽ ഏറെ പ്രയാസത്തിലാണ്. ആയതിനാൽ 2024-25 പദ്ധതിയിൽ അർഹതപ്പെട്ട പദ്ധതി വിഹിതം നീക്കി വെക്കാൻ സാധിക്കാതെ വന്നു. എന്നാലും KWA നമുക്ക് തരുമെന്ന് പ്രതീക്ഷിക്കുന്ന റോഡ് പുനരുദ്ധാരണ ഫണ്ട് ലഭിക്കുകയാണെങ്കിൽ ഏറെ കുറേ പരിഹാരമുണ്ടാകുമെന്ന വിശ്വാസത്തിലാണ് ഭരണസമിതി. സ്പിന്നിങ്ങ് മിൽ- അത്താണിക്കൽ , സ്പിന്നിങ്ങ് മിൽ- കൈതകുണ്ട റോഡ്, ചേലൂപാടം - പൈങ്ങോട്ടൂർ റോഡ് , കൊളക്കാട്ടുചാലി ചക്കുളങ്ങര യു.പി സ്കൂൾ റോഡ്, ഹെൽത്ത് സെന്റർ - പനയപ്പുറം റോഡ് എന്നിവ അടിയന്തിരമായും പുനരുദ്ധാരണം നടത്തേണ്ടവയാണ്.ഈ വർഷം പ്ലാൻ ഫണ്ടിലും എം.ജി യിലും കാര്യമായ വകയിരുത്തലുകൾ സാധ്യമായിട്ടില്ല. എന്നിരുന്നാലും തനത് ഫണ്ട് പരമാവധി വകയിരുത്താൻ ശ്രമിച്ചിട്ടുണ്ട്. എല്ലാ ഇനങ്ങളിലുമായി ഏകദേശം 2 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

### വെളിച്ചം

ഈ വർഷത്തോടെ സ്ട്രീറ്റ് ലൈറ്റ് എത്താത്ത മുഴുവൻ പ്രദേശങ്ങളിലും വെളിച്ചം എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. പുതിയതായി സ്ട്രീറ്റ് ലൈൻ വലിക്കാനും , ലൈൻ വലിച്ച പോസ്റ്റുകളിൽ ലൈറ്റ് സ്ഥാപിക്കാനും പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനായി ഒരു ടെക്നീഷ്യനെ നാം കോൺട്രാക്ട് ബേസിൽ വെക്കുകയുണ്ടായി. ഇതു മൂലം ഫ്യൂസ് ആയ ബൾബുകൾ യഥാസമയം മാറ്റാനും റിപ്പയർ നടത്താനും സാധിച്ചു. ചേലേമ്പ്രയിലെ പ്രധാന റോഡുകളിൽ എല്ലാം സ്ട്രീറ്റ് ലൈറ്റുകൾ ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുണ്ട്. ബഹു: എം.എൽ.എ പി. അബ്ദുൾ ഹമീദി മാസ്റ്ററുടെ ഫണ്ട് ഉപയോഗിച്ച് 30 ഓളം സ്ഥലത്താണ് മിനിമാസ്റ്റ് ലൈറ്റ് നിലവിൽ വന്നു എന്നതും എടുത്ത് പറയേണ്ട

വാസ്തവമാണ്. ഈ സഹായത്തിന് നാട്ടിലെ ജനങ്ങൾക്ക് വേണ്ടി അദ്ദേഹത്തിനോടുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തുന്നു.

## പട്ടികജാതി വികസനം

പട്ടികജാതി വികസന മേഖലയിലെ ജനങ്ങളുടെ പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുൻ വർഷങ്ങളിലൊക്കെ കാര്യമായ ശ്രദ്ധ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയിൽ എസ്.സി വിഭാഗത്തിൽപ്പെട്ട മുഴുവൻ പേർക്കും ധനസഹായം ലഭ്യമാക്കി . പകുതിയിലേറെ പേരുടെ വീട് പണി പൂർത്തീകരിച്ചു. വീട് റിപ്പയർ, വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് , പഠനോപകരണങ്ങൾ ,കോളനികളിലെ റോഡ് വികസനം, വിവാഹധനസഹായം എന്നിവ നടപ്പാക്കി . ജില്ലാ ബ്ലോക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന സുരക്ഷാപ്രവർത്തി നടത്തി. കാരങ്ങോട്ടിൽ , അങ്ങി വീട്ടിൽ, കൊയിലോട്ട് പുറായ്, കേലയിൽ പുറായ്, ചേനാട്ടിൽ പുറായ്, ചീനാടം, കുനിക്കാട്ട് പുറായ് , കാരാളി പറമ്പ് എന്നീ കോളനികളിൽ ഭവന സുരക്ഷ പദ്ധതി നടപ്പാക്കി . തനതുവർഷം പേവുങ്ങൽ കേലയിൽ പുറായി കോളനിയിൽ പ്രവർത്തി നടക്കും. ബ്ലോക്ക് പഞ്ചായത്ത് സഹായത്തോടെ ചേനാട്ടിൽ എസ് സി കോളനി കുടിവെള്ള പദ്ധതി നവീകരണത്തിന് തുടക്കം കുറിക്കും . ജില്ലാ പഞ്ചായത്ത് സമഗ്ര കേലയിൽ പുറായി കോളനി വികസന പദ്ധതികൾ നടപ്പാക്കും .ലൈഫ് ഭവന പദ്ധതി പൂർത്തീകരണം 10 ലക്ഷം, വാസ ഭൂമി വാങ്ങൽ 5 ലക്ഷം , വീട് റിപ്പയർ 17.42 ലക്ഷം, മെറിറ്റോറിസ് സ്കോളർഷിപ്പ് 17 ലക്ഷം, വിവാഹ ധനസഹായം 12.5 ലക്ഷം, ലാപ് ടോപ്പ് വിതരണം 7.2 ലക്ഷം. ആകെ ഈമേഖലയിൽ 64.17 ലക്ഷം നീക്കി വച്ചു.

## മറ്റു പ്രധാന പദ്ധതികൾ

1. പുല്ലിപ്പുഴ സംരക്ഷണം - 10 ലക്ഷം
2. ആശ്രയ- അതിദരിദ്ര കുടുമബങ്ങളുടെ യൂസർ ഫി –50000
3. വസ്തു നികുതി വിവരശേഖരണം –5 ലക്ഷം
4. വിവിധ ഓഫീസ് ആവർത്തന ചെലവുകൾ –5 ലക്ഷം
5. പദ്ധതി ഡോക്യുമെന്റേഷൻ –1.5 ലക്ഷം
6. പൊതു സ്ഥലങ്ങളിൽ CCTV –2 ലക്ഷം
7. ബഡ്സ് സ്കൂൾ നിർമ്മാണം - 12.54 ലക്ഷം
8. ബഡ്സ് സ്കൂൾ ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിങ്ങ് etc –5 ലക്ഷം

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ചേലേമ്പ്രയിൽ തൊഴിലുറപ്പ് പദ്ധതിയിൽ ആയിരത്തോളം കുടുംബങ്ങൾ ജോലി ചെയ്തു വരുന്നുണ്ട് . 2022-23 വർഷത്തിൽ 3.95 കോടി ചെലവഴിക്കാൻ സാധിച്ചു .85305 തൊഴിൽ ദിനങ്ങൾ നൽകി. 674 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകി. തനത് വർഷം ഇതുവരെ 3.93 കോടി ചെലവഴിച്ചു . തൊഴിൽ ദിനങ്ങൾ 81693 . ആകെ കുടുംബങ്ങൾ 1077 , ആകെ തൊഴിലാളികൾ 1227, ഇതുവരെ 555 പേർക്ക് 100 ദിവസം തൊഴിൽ ലഭിച്ചു. പ്രധാനമായും ഏറ്റെടുത്ത പ്രവർത്തികൾ.

| | |
|---|---|
| വീട് | 89 |
| തോട് | 11 |
| കിണർ | 20 |
| അമൃത് സരോവർ | 1 |
| കമ്പോസ്റ്റ് | 35 |
| സോക് പിറ്റ് | 41 |
| മിനി എം.സി.എഫ് | 9 |
| കുളം | 2 |
| തൈ നടൽ | 65 |
| തൊഴുത്ത് | 2 |
| ആട്ടിൻ കൂട് | 7 |
| കോഴിക്കൂട് | 6 |
| വർക്ക് ഷെഡ് | 11 |
| കിണർ റിചാർജ്ജ് | 1 |
| അസോള ടാങ്ക് | 3 |
| റോഡ് | 13 |
| തീറ്റപ്പുല്ല് | 5 |
| നഴ്സറി | 1 |
| മുരിങ്ങ പ്ലാന്റേഷൻ | 1 |
| ആകെ | 324 |

2024-25 വർഷത്തിൽ ആയിരം കുടുംബങ്ങളിലെങ്കിലും നൂറുദിവസം തൊഴിൽ നൽകാനാണ് ലക്ഷ്യമിടുന്നത്. ആക്ഷൻ പ്ലാൻ പ്രകാരം 615 പ്രവർത്തികൾക്കും വകയിരുത്തിയെ തുക 7.88 കോടി. തൊഴിൽ ദിനങ്ങൾ 143534 . കുടുംബങ്ങൾ 1180 ആകെ തൊഴിൽ ദിനങ്ങൾ 89650 എന്നീ പ്രകാരത്തിലുള്ള പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്.

സ്വാതന്ത്ര്യാനന്തര ഭാരതം നടപ്പാക്കിയ ഏറ്റവും മാതൃകാപരമായ പദ്ധതിയാണ് ഡോ: മൻമോഹൻ സിങ്ങിന്റെ നേതൃത്വത്തിലുള്ള യു.പി.എ സർക്കാർ നടപ്പാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെന്ന് രാജ്യം തിരിച്ചറിഞ്ഞിരിക്കുകയാണ്. കാർഷിക മേഖലയുടെ വളർച്ചക്ക് , പ്രത്യേകിച്ച് നെൽ കർഷകർക്ക് ഉപയുക്തമായ രീതിയിലും ക്ഷീര കർഷകർക്ക് സഹായകരമായ രീതിയിലും സാധ്യതകൾ ഉപയോഗപ്പെടുത്തിയാൽ അതൊരു വിപ്ലവം തന്നെ ആയിരിക്കും എന്ന് ഊന്നി പറയുകയാണ് . ഇക്കാര്യം കേരള ഗവൺമെന്റ് നിരവധി തവണ മുന്നോട്ട് വച്ച കാര്യവുമാണ്.

## പുതിയ നിർദ്ദേശങ്ങൾ

1. ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങാനുള്ള തുക വർദ്ധിപ്പിക്കൽ.
2. ഗ്രാമോത്സവം സംഘടിപ്പിക്കൽ.
3. പുല്ലിപ്പുഴ ടൂറിസം.
4. സ്പോർട്ട്സ് കിറ്റ്.
5. ഡയാലിസിസ് രോഗികൾക്ക് ചികിൽസാ സഹായം.
6. ചേനമല ഭവന സുരക്ഷ.
7. എഫ്.എച്ച്.സി റോഡ് നവീകരണം - പ്രഥമ പരിഗണന
8. മെമ്പർമാർക്ക് മേശ.
9. എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി, പഠനോപകരണങ്ങൾ
10. മുഴുവൻ വാർഡുകളിലും സ്ട്രീറ്റ് ലൈൻ വലിച്ച് ലൈറ്റ് സ്ഥാപിക്കൽ.
11. പഞ്ചായത്ത് ഓഫീസിലും എഫ്.എച്ച്.സി യിലും ജനറേറ്റർ സ്ഥാപിക്കൽ (സോളാർ സാധ്യത പരിശോധിക്കൽ)
12. വാർഡുകളിൽ വാക്കിങ്ങ് സെന്ററുകൾ.
13. പകൽ വീട്, വയോക്ലബ്ബുകൾ സ്ഥാപിക്കൽ.

# ഉപസംഹാരം

വസ്തു നികുതി പരിഷ്കരണത്തിലൂടെ വലിയ സാമ്പത്തിക നേട്ടം നാം പ്രതാക്ഷിച്ചിരുന്നു. എന്നാൽ 5 % കെട്ടിട നികുതി വർദ്ധനവിൽ നിന്നും കാര്യമായ നേട്ടമുണ്ടാക്കാൽ ഇപ്പോൾ കഴിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. പെർമിറ്റ് ഫീ, അപേക്ഷ റെഗുലൈറൈസേഷൻ ഫീ എന്നതിൽ നിന്നും ലഭിക്കുന്ന വർദ്ധനവിലാണ് നമ്മുടെ പ്രതീക്ഷ. സാമ്പത്തിക അച്ചടക്കവും 100 % നികുതി പിരിവ് സാധ്യമായാൽ മാത്രമേ നമ്മുടെ സ്വപ്ന പദ്ധതികൾ നടപ്പാക്കാൻ സാധിക്കൂ. കിൻഫ്രയിൽ നിന്നും നികുതി കുടിശ്ശിക ഇനത്തിൽ കിട്ടാനുള്ള അരക്കോടിയോളം ഇപ്പോഴും പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ല അതിനുവേണ്ട നിയമപരമായ നടപടികളിലേക്ക് നമുക്ക് പോകേണ്ടിവരും. നികുതി പിരിച്ച് 100% ആക്കുന്ന വാർഡുകളെ പ്രത്യേക പരിഗണിക്കാമെന്ന് കഴിഞ്ഞതവണ പറഞ്ഞിരുന്നതെങ്കിലും സാമ്പത്തിക പ്രയാസം മൂലം അതിനു സാധിച്ചില്ല. ഈ വർഷവും പദ്ധതി നിർവഹണം മന്ദഗതിയിലാണ്. 3–ാം ഗഡു ലഭിച്ചിട്ടില്ല. സ്പിൽ ഓവർ പ്രവർത്തികൾക്ക് ക്യാരി ഓവർ തുക അനുവദിച്ചു തരുമോ എന്ന് പറയാൻ പറ്റാത്ത സാഹചര്യമാണ്. ടെണ്ടർ ചെയ്തതും നിർവ്വഹണം നടന്നുവരുന്നതുമായ പ്രോജക്ടുകൾക്ക് പുതിയ വാർഷിക പദ്ധതിയിലെ ഫണ്ടിൽ നിന്നും തുക അനുവദിക്കേണ്ടി വരികയാണെങ്കിൽ നമ്മൾ ബുദ്ധിമുട്ടിലായി പോകും. അല്ലാത്തപക്ഷം വസ്തു നികുതി 100% കൈവരിക്കുന്ന എല്ലാ വാർഡുകൾക്കും തങ്ങൾ നിർദേശിക്കുന്ന പ്രവർത്തിക്ക് വേണ്ടി 1 ലക്ഷം രൂപ 'സമാശ്വാസനിധിയായി' ഫണ്ട് അനുവദിക്കുമെന്ന് ഉറപ്പ് നൽകുന്നു. എല്ലാ വാർഡ് ക്ലർക്കുമ്മാർക്കും സമാനമായി പ്രത്യേക ഉപഹാരവും അംഗീകാരവും നൽകുന്നതാണ്.

- "നിങ്ങളുടെ വാക്കുകൾ നിശബ്ദതയേക്കാൾ നല്ലതെങ്കിൽ മാത്രം സംസാരിക്കുക"
- "ഇന്നു ചെയ്യുന്ന പ്രവർത്തിയെ ആശ്രയിച്ചായിരിക്കും നമ്മുടെ ഭാവി"
- "സമാധാനത്തിലേക്ക് പാതയില്ല , സമാധാനം തന്നെയാണ് പാത"

എന്നീ ഗാന്ധി വചനങ്ങളും

"സത്യം കൊണ്ട് മനസ്സും, സ്നേഹം കൊണ്ട് ഹൃദയവും, സേവനം കൊണ്ട് ജീവിതവും സമ്പന്നമാക്കുക" എന്ന ശ്രീബുദ്ധന്റെ ഈ ഉദ്ബോധനവും ഓർത്ത് കൊണ്ട് 2024-25 വർഷത്തെ 35,23,61,958 രൂപ വരവും 34,42,54,270 രൂപ ചെലവും 8107688 രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ ബഡ്ജറ്റ് തയ്യാറാക്കാൻ സഹായിച്ച സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങളായ കെ. എൻ. ഉദയകുമാരി, എൻ. എം. മുരളീധരൻ, അസീറ മുംതാസ് , കെ. സുനിൽകുമാർ, സെക്രട്ടറി ആയിഷ റഹ്ഫത്ത് കോയ.സി.ടി, അക്കൗണ്ടന്റ് ശ്രീ.അഭിലാഷ്. ജി, മറ്റു ജീവനക്കാർ എല്ലാവരോടും ഉള്ള നന്ദിയും കടപ്പാടും ഹൃദയപൂർവ്വം ഇവിടെ രേഖപ്പെടുത്തിക്കൊണ്ട് നിങ്ങളുടെ ചർച്ചയ്ക്കും അംഗീകാരത്തിനും വേണ്ടി ഈ കരട് ബഡ്ജറ്റ് സമർപ്പിക്കുന്നു.

ചേലേമ്പ്ര

05/02/2024

കെ.പി.ദേവദാസ്

വൈസ് പ്രസിഡന്റ് & ആക്ടിംഗ് പ്രസിഡന്റ്

ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്